**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2735** **06-10-2025 - ൽ മറുപടിയ്ക്ക്**

**ഊർജ്ജ സംഭരണ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷനുമായി ചേർന്ന് നടപ്പാക്കുന്ന ബാറ്ററി എനർജി സ്റ്റോറേജ് സംവിധാനം സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്; ഇവ എന്നത്തേയ്ക്കാണ് പൂർണ്ണമായി പ്രവർത്തന സജ്ജമാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര ഗവൺമെൻറ് പൊതുമേഖലാ സ്ഥാപനമായ നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷന് (എൻ.എച്ച്.പി.സി.) 1,500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) സ്ഥാപിക്കുവാൻ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭിക്കുകയുണ്ടായി. ചർച്ചകളുടെയും ഇടപെടലുകളുടെയും ഫലമായി അതിൽ നിന്നും 500 മെഗാവാട്ടാവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) കേരളത്തിൽ സ്ഥാപിക്കുവാൻ NHPC സമ്മതിക്കുകയും 17.01.2025 - ന് ആയതിനുള്ള ടെൻഡർ എൻ.എച്ച്.പി.സി. പ്രസിദ്ധീകരിക്കുകയും ചെയ്തു. 09.07.2025-ന് നാല് സബ്സ്റ്റേഷനുകളിലായി 125 മെഗാവാട്ട്/500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള ലെറ്റർ ഓഫ് അവാർഡ് എൻ. എച്ച്. പി. സി. നൽകിയിട്ടുണ്ട്.<br><br>കാസർഗോഡ് ജില്ലയിലെ മുള്ളേരിയ സബ്സ്റ്റേഷനിൽ 15 മെഗാവാട്ട്/60 മെഗാവാട്ടവർ (BESS): ഒപ്പേറ എനർജി പ്രൈവറ്റ് ലിമിറ്റഡ്.<br><br>കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം സബ്സ്റ്റേഷനിൽ 40 മെഗാവാട്ട്/160 മെഗാവാട്ടവർ (BESS): എൻ.റ്റി.പി.സി. ഗ്രീൻ എനർജി ലിമിറ്റഡ്.<br><br>മലപ്പുറം ജില്ലയിലെ അരീക്കോട് സബ്സ്റ്റേഷനിൽ 30 മെഗാവാട്ട്/120 മെഗാവാട്ടവർ (BESS): ടാറ്റ പവർ റിന്യൂവബിൾ എനർജി ലിമിറ്റഡ്<br><br>തിരുവന്തപുരം ജില്ലയിലെ പോത്തൻകോട് സബ്സ്റ്റേഷനിൽ 40 മെഗാവാട്ട്/160 മെഗാവാട്ടവർ (BESS): എൻ. റ്റി. പി. സി. ഗ്രീൻ എനർജി ലിമിറ്റഡ് |

| | | | |
|---|---|---|---|
| | | | എന്നിങ്ങനെയാണ് എൻ. എച്ച്. പി. സി മുഖാന്തിരം BESS സ്ഥാപിക്കുന്നത്.<br><br>പദ്ധതിയ്ക്കാവശ്യമായ സ്ഥലം ഡെവലപ്പർക്ക് റൈറ്റ് ടു യൂസ് അടിസ്ഥാനത്തിൽ കൈമാറ്റം ചെയ്യുന്നതുൾപ്പെടെ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br>ഈ പദ്ധതിയിലൂടെ പ്രതിദിനം 500 മെഗാവാട്ടവർ വൈദ്യുതി സംഭരിക്കുവാനും, പീക്ക് സമയങ്ങളിലെ അധിക ഊർജ്ജ ആവശ്യകത നിറവേറ്റുവാനും സാധിക്കും. പ്രസ്തുത പദ്ധതി ഒക്ടോബർ 2026 - ഓടു കൂടി പ്രവർത്തനക്ഷമമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ വൈദ്യുത സംഭരണ പദ്ധതി വഴി 135 കോടി രൂപയുടെ കേന്ദ്ര സഹായം ലഭ്യമാകും |
| (ബി) | സംസ്ഥാനത്ത് പഴങ്ങൾ, പച്ചക്കറികൾ തുടങ്ങിയവ കേട്ടുകൂടാതെ സൂക്ഷിക്കുന്ന സൗകര്യങ്ങളുള്ള സോളാർ കോൾഡ് സ്റ്റോറേജ് സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതി എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | അനെർട്ട് മുഖേന കോഴിക്കോട് മെഡിക്കൽ കോളേജിൽ വാക്സിനുകൾ കേടാകാതെ സൂക്ഷിക്കുന്നതിനായി 5 MT ശേഷിയുള്ള കോൾഡ് സ്റ്റോറേജ് സിസ്റ്റം സ്ഥാപിച്ചു. തുടർന്ന് MLA ഫണ്ട് ഉപയോഗിച്ച് ഈ വർഷം 5 MT ശേഷിയുള്ള ഒരു സിസ്റ്റം കൂടി സ്ഥാപിച്ചിട്ടുണ്ട്.<br><br>തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ (RCC) യിൽ വാക്സസിനുകൾ കേട്ടുകൂടാതെ താഴ്ന്ന ഊഷ്മാവിൽ സംഭരിച്ചുവയ്ക്കുന്നതിനായി 10 മെട്രിക് ടൺ ശേഷിയുള്ള സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ശീതീകരണ സംഭരണി സ്ഥാപിച്ചു.<br><br>കൃഷിഭവന് കീഴിലുള്ള ആനയറ, വേൾഡ് മാർക്കറ്റിൽ പഴങ്ങൾ, പച്ചക്കറികൾ എന്നിവ കേട്ടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള 10 മെട്രിക് ടൺ ശേഷിയുള്ള സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ശീതീകരണ സംഭരണി സ്ഥാപിച്ചു.<br><br>ഇവ കൂടാതെ, പാലക്കാട് ജില്ലയിലെ വേലന്താവളം മാർക്കറ്റ്, പെരുമാട്ടി പഞ്ചായത്ത് മാർക്കറ്റ് എന്നീ സ്ഥലങ്ങളിൽ പഴങ്ങൾ, പച്ചക്കറികൾ എന്നിവ കേട്ടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള **10** മെട്രിക് ടൺ ശേഷിയുള്ള സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ശീതീകരണ സംഭരണിയും അനെർട്ട് മുഖേന സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി ഏത് ഏജൻസി മുഖേനയാണ് നടപ്പാക്കുന്നതെന്നും പദ്ധതിപ്രദേശം തിരഞ്ഞെടുക്കുന്നതിലെ മാനദണ്ഡം എന്താണെന്നും അറിയിക്കുമോ? | (സി) | അനെർട്ട് മുഖേന കോഴിക്കോട് മെഡിക്കൽ കോളേജിൽ വാക്സിനുകൾ കേടാകാതെ സൂക്ഷിക്കുന്നതിനായി 5 MT ശേഷിയുള്ള കോൾഡ് സ്റ്റോറേജ് സിസ്റ്റം പരീക്ഷണ അടിസ്ഥാനത്തിൽ ആദ്യം സ്ഥാപിക്കുകയും, ഇത് വിജയകരമായി പ്രവർത്തിക്കുന്നതിനെ തുടർന്ന് MLA ഫണ്ട് ഉപയോഗിച്ച് ഈ വർഷം 5 MT ശേഷിയുള്ള ഒരു |

| | | | |
|---|---|---|---|
| | | | സിസ്റ്റം കൂടി സ്ഥാപിക്കുകയും ചെയ്തു. ഇവ സ്ഥാപിച്ചത് യഥാക്രമം ഇൻഫികോൽഡ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, പ്ലസ് അഡ്വാൻസ്ഡ് ടെക്നോളജി എന്നീ സ്ഥാപനങ്ങളാണ്.<br><br>നഗരങ്ങളിലെ വർദ്ധിച്ചുവരുന്ന ഊർജ്ജ ആവശ്യം അക്ഷയ ഊർജ്ജ സ്രോതസ്സുകളിലൂടെ നിറവേറ്റുക എന്ന ലക്ഷ്യത്തോടെ തലസ്ഥാനനഗരമായ തിരുവനന്തപുരത്തെ സോളാർസിറ്റി പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തു. പദ്ധതിയുടെ ആദ്യ ഘട്ടമായി തിരുവനന്തപുരം നഗരപരിധിയിലെ സാധ്യമായ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സ്മാർട്ട്സിറ്റിയുടെ സാമ്പത്തിക സഹായത്തോടെ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അനെർട്ടിന്റെ മേൽനോട്ടത്തിൽ പൂർത്തീകരിച്ചു. കൂടാതെ, സോളാർ സ്ട്രീറ്റ് ലൈറ്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങിയവയും, തിരുവനന്തപുരം RCC -യിൽ വാക്സിനുകൾ താഴ്ന്ന ഊഷ്മാവിൽ സൂക്ഷിക്കുന്നതിനും കൃഷിഭവനു കീഴിലുള്ള ആനയറ, വേൾഡ് മാർക്കറ്റിൽ പഴങ്ങൾ, പച്ചക്കറികൾ ഇവ കേടുകൂടാതെ സൂക്ഷിക്കുന്നതിനും സോളാർ കോൾഡ് സ്റ്റോറേജ് സംവിധാനവും ഏർപ്പെടുത്തി. സോളാർസിറ്റി മാനദണ്ഡമായി സ്വീകരിച്ചു കൊണ്ടാണ് ഇവ രണ്ടും സ്ഥാപിച്ചിട്ടുള്ളത്. ഇവ സ്ഥാപിച്ചത് വാറ്റ്സൺ എനർജി ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ്.<br><br>കൂടാതെ, പാലക്കാട് ജില്ലയിലെ വേലന്താവളം മാർക്കറ്റ്, പെരുമാട്ടി പഞ്ചായത്ത് മാർക്കറ്റ് എന്നീ സ്ഥലങ്ങളിൽ പഴങ്ങൾ, പച്ചക്കറികൾ കൂടുതലായി ഉല്പാദിപ്പിക്കുകയും ശേഖരിക്കുകയും ചെയ്യുന്നതിനാൽ ഇവ കേടുകൂടാതെ സൂക്ഷിക്കുന്നതിന് പരീക്ഷണ അടിസ്ഥാനത്തിൽ 10 MT വീതം ശേഷിയുള്ള 2 കോൾഡ് സ്റ്റോറേജ് സിസ്റ്റം സ്ഥാപിച്ചു. ഇവ സ്ഥാപിച്ചത് വാറ്റ്സൺ എനർജി ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ്. |

സെക്ഷൻ ഓഫീസർ